# കാഴ്ച



G H S S IRIMBILIYAM

# കാഴ്ച

പ്രിയപ്പെട്ട കുട്ടികളെ,

നമ്മുടെ വിദ്യാലയത്തിൽ 2018-19 വർഷത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനം നടത്തിവരുന്ന മിടുക്കരായ കുട്ടികൾക്കും അവരെ മികവിന്റെ പാതയിലേക്ക് കൈപിടിച്ച് നടത്തുന്ന സാരഥികളായ അധ്യാപകർക്കും അഭിനന്ദനങ്ങൾ.

സ്കൂളിന്റെ പ്രധാനാധ്യാപകൻ എന്ന നിലയിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളിൽ എനിക്ക് വളരെ പ്രതീക്ഷയുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ വിശാലമായ ലോകത്തേക്ക് കുട്ടികളെ കൂട്ടിക്കൊണ്ടു പോകുന്ന ലിറ്റിൽ കൈറ്റ്സ് എന്ന സംരഭത്തിനും ആ സംരഭത്തിൽ നിന്നും ഉറവെടുത്ത ഡിജിറ്റൽ മാഗസിൻ 'കാഴ്ച'യ്ക്കും എന്റെ എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

സ്നേഹപൂർവ്വം
**ശശീന്ദ്രൻ. പി**
ഹെഡ്മാസ്റ്റർ,
ജി.എച്ച്.എസ്. ഇരിമ്പിളിയം

# കാഴ്ച

പ്രിയപ്പെട്ട കുട്ടികളെ,

നമ്മുടെ വിദ്യാലയത്തിൽ 2018-19 വർഷത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും ഡിജിറ്റൽ മാഗസിൻ 'കാഴ്ച'യ്ക്കും എന്റെ എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

സ്നേഹപൂർവ്വം
**കെ.ടി.ഗോപാലൻ**
പി.ടി.എ പ്രസിഡണ്ട്
ജി.എച്ച്.എസ്. ഇരിമ്പിളിയം

# കാഴ്ച

പ്രിയപ്പെട്ട കുട്ടികളെ,

നമ്മുടെ വിദ്യാലയത്തിൽ 2018-19 വർഷത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും ഡിജിറ്റൽ മാഗസിൻ 'കാഴ്ച'യ്ക്കും എന്റെ എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

സ്നേഹപൂർവ്വം
**ആശാമണി**
എം.പി.ടി.എ പ്രസിഡണ്ട്
ജി.എച്ച്.എസ്. ഇരിമ്പിളിയം

# കാഴ്ച

ഞങ്ങളെ വിവര വിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയങ്ങളിലേക്ക് കൈ പിടിച്ച് നടത്തുന്ന ലിറ്റിൽ കൈറ്റ്സ് എന്ന പുതിയ കൂട്ടുകാരി. ആഹ്ലാദവും അറിവും ഒരുമിച്ച് പങ്കുവെയ്ക്കുന്ന കൂട്ടുകാരി. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി നടത്തിയ വിവിധ കമ്പ്യൂട്ടർ പരിശീലന പരിപാടികളും കാമറാ പരിശീലനവും ഹാർഡ്‌വെയർ രംഗത്തേക്ക് ലളിതവും രസകരവുമായ രീതിയിൽ ഞങ്ങളെ കൊണ്ടു പോയതും ഞങ്ങൾക്ക് പുതിയൊരനുഭവം. സർവ്വോപരി ഡിജിറ്റൽ മാഗസിൻ എന്ന പുതിയ പ്രവർത്തനത്തിന്റെ തുടക്കവും ഒടുക്കവും ഞങ്ങൾ വളരെ ഉത്സാഹത്തോടുകൂടി ഏറ്റെടുത്തു. ഈ അവസരത്തിൽ ഞങ്ങൾക്ക് വഴികാട്ടികളായ പ്രധാനാധ്യാപകനെയും പി.ടി.എ അംഗങ്ങളെയും മറ്റ് അധ്യാപകരെയും സൃഷ്ടികൾ നൽകി സഹകരിച്ച കൂട്ടുകാരെയും നന്ദിയോടെ സ്മരിക്കുന്നു. ഇത് ഞങ്ങളുടെ കാഴ്ച... ചെറി കണ്ണുകളിലൂടെയുള്ള വർണ്ണാഭമായ വലിയ കാഴ്ച... പരിമിതികളും പോരായ്മകളും ചൂണ്ടിക്കാണിച്ച് കൂടുതൽ മികവിലേക്കെത്താൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എഡിറ്റർ

**അരുൺകുമാർ. ടി**

# കാഴ്ച

**എഡിറ്റോറിയൽ ബോർഡ്**


അമീന. ടി

വിനയ്. എം.ടി

സൂര്യകിരൺ. എം.വി

ഷിബാ ഷെറിൻ. വി.കെ

റിസാന കെ

ശ്രീനാഥ്. കെ

# കാഴ്ച്ച

**താളുകളിൽ**


| | |
|---|---|
| ഗാന്ധിമൊഴികൾ | 8 |
| ഹർത്താൽ | 9 |
| പ്രളയം | 10 |
| പൂന്തോട്ടം | 11 |
| ഹൃദയഭംഗി | 12 |
| ഇ-കടങ്കഥകൾ | 13 |
| ബാല്യം | 14 |
| മഹാരാജ്യം | 15 |
| എന്നെ ആനന്ദിപ്പിച്ച യാത്ര | 16 |
| സ്വാതന്ത്ര്യം | 17 |
| കൊഴിയുന്ന പുഷ്പം | 18 |
| സ്വർണ്ണഖനികൾ | 19 |
| ആദ്യപാഠം | 20 |
| ദരിദ്രമായ കുടുംബം | 21 |

# കാഴ്ച


| | |
|---|---|
| റോബോർട്സ് ആന്റ് അവർ കോമൺ ഹൗസ് | 22 |
| മഹദ്വചനകൾ | 23 |
| പുകവലി ആരോഗ്യത്തിന് ഹാനികരം | 24 |
| എന്റെ കോഴിക്കോടൻ യാത്ര | 26 |


## ഗാന്ധി മൊഴികൾ

- ചൂഷണം അഹിംസയുടെ കലയാണ്
- ശരിയായി നയിച്ച ജീവിതം പുസ്തകങ്ങളെക്കാൾ മെച്ചമാണ്
- ജോലി ചെയ്യാനുള്ള വൈമനസ്യം മദ്യപാനത്തക്കാൾ വലിയ



# കാഴ്ച്ച

ദോഷമാണ്

" അഹിംസ ഭീരുവിന്റെ
ആയുധമല്ല
ധീരന്റേതാണ്"

എന്റെ ജീവിതമാണ് എന്റെ സന്ദേശം



8f

## ഹർത്താൽ

കേരളമാകെ വലഞ്ഞു
കേരളത്തെയാകെ വലച്ച
പാർട്ടിക്കാർ ഹർത്താൽ തുടങ്ങി,
സംഘടനകൾ സമരം തുടങ്ങി
വലഞ്ഞു ജനം പെരുവഴിയിൽ

# കാഴ്ച

തടഞ്ഞു പായുന്ന വണ്ടികളെ
പ്രാണരക്ഷാർത്ഥം ജീവനുമായ് ഓടുന്നവണ്ടിയെ
അകത്ത് അനുകൂലിയുടെ അച്ഛൻ
അറിഞ്ഞതില്ല മകൻ  അച്ഛനെ!
അവനും തടഞ്ഞു
ഓർത്തില്ലവൻ, ഒരു ജീവനെ കുറിച്ചോർത്തില്ല
ഹർത്താൽ തലയിൽ കയറി
ഒരു ഭ്രാന്തനെ പോലെയവൻ തടഞ്ഞു
ജീവനുമായി ഓടുന്ന വണ്ടിയെ
അന്തിക്ക് വീട്ടിലെത്തി കണ്ടു ജനക്കൂട്ടമവൻ
പാവങ്ങൾ അവന്നയൽക്കാർ
നായരെ അവസാനമായി ഒരു നോക്കുകാണുവാൻ
തിക്കുംതിരക്കും കൂട്ടുന്നു
വിതുമ്പി മെല്ലെയവന്റെ ചിത്തം പിടഞ്ഞു
തീരാ ദുഖത്തിലവൻ ശപിച്ചു
പാർട്ടിയെ, ഹർത്താലിനെ.
ഇതെന്റെ അവസാനഹർത്താൽ

ഗൗതം എസ്.ബാബു
8 എ

# കാഴ്ച

## പ്രളയം

ഐശ്വര്യ.കെ
9 .C

മിണ്ടാതെ ചിണുങ്ങിയൊഴുകിയിരുന്ന
ഇന്നലെ വരെ ആ പുഴ
ഓരത്ത് ജഢങ്ങൾ പൊങ്ങുബോഴും
മിണ്ടിയില്ല, സഹിച്ച
അല്ലാതെന്തു ചെയ്യാൻ
പക്ഷേ ,
മുത്തികിടക്കുന്ന കരിന്തേളുകളെ പഠിപ്പിക്കാൻ
അവൾക്ക് തന്റെ  ഒച്ച മതിയായിരുന്നു

# കാഴ്ച

## പൂന്തോട്ടം

നട്ടുനനച്ച്  വളർത്താം വീട്ടിൽ
സുന്ദരമായൊരു പൂന്തോട്ടം
തൊട്ടു തുടിച്ച് ചിരിക്കാം എന്നും
തൊടിയിൽ തുള്ളിച്ചാടാം...
പൂമണമുയരും നേരത്തൊക്കെ
മൂക്കിനെ മാടി വിളിക്കാം
തൊടിയിൽ വിടരും പൂക്കളെ നോക്കാൻ
കണ്ണിനെ വേഗമുയർത്താം
വണ്ടുകൾ മൂളിവരുന്നാ നേരം
മേനിക്കുണ്ടേ ആനന്ദം
കാറ്റ് ചിരിച്ചും കാറ്റ് പറന്നും
നൃത്തം വെയ്ക്കും ആ നേരം

മുഹമ്മദ് ജാസിർ.എം

# കാഴ്ച

## ഹൃദയ ഭംഗി

അറിഞ്ഞില്ല നാം പെറ്റമ്മയെ...
അറിഞ്ഞില്ല നാം പോറ്റമ്മയെ...

അറിയുവാനും നമുക്ക് കാണുവാനും...
സമയമില്ല ഇന്ന് സമയമില്ല...

നാട്ടിൽ വെളിച്ചം പരത്തേണ്ട നാം തന്നെ
പ്രകൃതിയെ കൊല്ലുന്ന ദുഷ്ടനായി...

അറിയുന്നു ഞാൻ ഇന്ന്... കാണുന്നു ഞാൻ ഇന്ന്...
പ്രകൃതിയെന്ന അമ്മയുടെ ഹൃദയഭംഗി...

# കാഴ്ച

## ഇ–കടങ്കഥകൾ

- ഇപ്പോ കുത്തിയ പുത്തൻ കുളത്തിൽ പത്തഞ്ഞൂറു കുളപ്പരല്.   -അരിതിളയ്ക്കുന്നത്
- ഇരുതല നേർത്തും നടുവീർത്തും കിണ്ണം കിണകിണ്ണം.   -മദ്ദളം
- ഇരുകാലിലൊരു കാലു കൊച്ചുകാലാണെന്നാലുമെങ്ങുമിരിക്കില്ല.   -വാച്ചിന്റെ സൂചി
- ഇങ്ങേലെ ചെമ്പ് അങ്ങേലേയ്ക്കും  അങ്ങേലെ ചെമ്പ് ഇങ്ങേലേയ്ക്കും കൊണ്ടുപോകാൻ വയ്യ.   -കിണർ
- ഇലയില്ലാമരത്തിൽ നിന്ന് പൂകൊഴിഞ്ഞു.   -തേങ്ങ ചിരകുന്നത്
- ഇടത്തോട്ടിൽ കരിക്കട്ട.   -കണ്ണിന്റെ കൃഷ്ണമണി
- ഇടയ്ക്കിടയ്ക്ക് കെട്ടുകെട്ടി മാനത്തേയ്ക്ക് വാലുവീശി.   -മുള
- ഇട്ടിലിടുക്കിലിളുക്കാശിത്തെങ്ങിന്മേൽ അഞ്ഞൂറും മുന്നൂറും കൊട്ടത്തേങ്ങ. -ഈന്തപ്പന
- ഇങ്ങിലിടുക്കിലിളുക്കാശി മാവിന്മേൽ അഞ്ഞൂറും മുന്നൂറും പച്ചമാങ്ങ. -ഉങ്ങിൻകായ
- ഇത്തിരിയുള്ളൊരു പൂനാരങ്ങ ഉശിരൊട്ടുകൂടി വിഴുങ്ങിത്തന്നാൽ നാടുനൽകാം വീടുനൽകാം വീടിനുവേണ്ടതെല്ലാം വീടുനൽകാം   -തീക്കട്ട

# കാഴ്ച

## ബാല്യം

ചിറകു  വിടർത്തി
ഒരു വേഴാമ്പൽ പോലെ
ചിറകടിച്ച ബാല്യം
എന്നെ തനിച്ചാക്കി പോയതെന്തേ?
എന്റെ നഷ്ട ബാല്യം
ഇന്നു കണ്ണീരുമായി  വർണ്ണ സ്വപ്നം
ആ വസന്തത്തിലേക്ക്
എന്നെ കൊണ്ടുപോകുമോ?
എല്ലാം എന്നിലായി എന്നും
കൂട്ടായിരുന്നു നീ
ഞാൻ പിന്നിട്ട വഴികളെല്ലാം

# കാഴ്ച

വേദനകൾ നിറഞ്ഞതായിരുന്നു
വേദനകൊണ്ട് പുളഞ്ഞു ഞാൻ
ഏകാന്ത പതികനായി ഞാൻ
കല്ലെറിഞ്ഞ വെള്ളത്തിൽ ഓളവും
ഇറയത്തു ഒലിച്ചിറങ്ങും മഴതുള്ളിയും
തിരികെ തരുമോ.... ആ വെള്ളത്തിൽ
കടലാസ്സു തോണിയിറക്കി
എനിക്കെന്റെ ബാല്യത്തിലെത്തണം

gilsha

fathima

8g

## മഹാരാജ്യം

രാജ്യമധ്യത്തിൽ പ്രകാശം പരത്തുന്ന

# കാഴ്ച

രാജാധിരാജനായ് കാവലേറെ
പടച്ചട്ടയിട്ട് തലപ്പാവണിഞ്ഞ്
രത്നം പിടിപ്പിച്ച ഉടവാളുമേന്തി
അറ്റം പിടികിട്ടാ സുന്ദര ദേശത്ത്
അക്രമ കക്ഷികൾപാഞ്ഞതെത്തും
ലക്ഷ്യമത് തെറ്റിപ്പാഞ്ഞകലുമ്പോൾ
രാജ്യത്തിൻ ഭീതിക്ക് വിള്ളലേൽക്കും
ലക്ഷ്യം പിഴക്കാതടുത്തകലുമ്പോൾ
ഉടവാളുകൊണ്ടൊരു നൃത്തമാടും
ഉടവാളിനാൽ തകർത്താടിയിടും
ചിലനേരം രാജകൊട്ടാരത്തിൽ
വന്നെത്തി വീക്ഷിക്കും ചിലരാം അതിഥികളും
പലവിശേഷങ്ങളത് ചൊല്ലിടാൻ രാജാവും
തൻസ്വരം പതിയെ വിതറിയിടും

## എന്നെ ആനന്ദിപ്പിച്ച യാത്ര

ജൂലൈ 24 ചൊവ്വ

ഞാനും എന്റെ കുടുംബവും കാത്തിരിക്കുന്ന ദിവസം. എന്റെ ഉപ്പ ഗൾഫിൽ നിന്നും വരുകയാണ് എന്ന വിവരം ലഭിച്ചതു മുതൽ എല്ലാവരും വളരെ ആഹ്ലാദത്തിലാണ്. എന്റെ അനിയനും അനിയത്തിയും ഉപ്പയെ കൊണ്ടുവരാൻ പോകണമെന്ന് പറഞ്ഞു വാശിപിടിച്ചു. ഉപ്പാപ്പ പറഞ്ഞു നിങ്ങളുടെ ഉപ്പ വരുന്നത് കരിപ്പൂരിലേക്കല്ല, നെടുമ്പാശേരിയിലേക്കാണ്, അത് വരെ ഇരുന്നാൽ നിങ്ങൾ ക്ഷീണിക്കുമോ? ഉടനെ രണ്ടു പേരും മറുപടിപറഞ്ഞു ഇല്ല ഉപ്പാപ്പ ഞങ്ങൾ ക്ഷീണിക്കില്ല. അങ്ങനെ ആ കാര്യത്തിന് ഒരു തീരുമാനമായി.

# കാഴ്ച

ദിവസം അടുത്തുവന്നു. ഞങ്ങൾ നേരം പുലർച്ചെ തന്നെ വസ്ത്രം അണിഞ്ഞു പോകാൻ തയ്യാറെടുത്തു. അങ്ങനെ യാത്രയായി എയർപോർട്ടിലേക്കെത്തി, അവിടെ ഉപ്പ കാത്തിരിക്കുന്നുണ്ടായിരുന്നു. അനിയൻ ഉപ്പയുടെ അടുത്തേക്ക് ഓടിച്ചെന്നു ഉപ്പ അവനെയും കൂട്ടി വണ്ടിയിൽ കയറി. പോകുമ്പോൾ ഞാൻ പറഞ്ഞു, ഉപ്പ എനിക്ക് ലുലുമാളിലേക്കു പോകണം, എളാപ്പയും പറഞ്ഞു ഇതുവരെ വന്നതല്ലേ നമുക്ക് ലുലുമാളിലേക്കു കയറിയിട്ട് പോകാം . അങ്ങനെ ഞങ്ങൾ ലുലുമാളിലേക്കു കയറിയിട്ടാണ് വീട്ടിലേക്കു പോയത് .

fahmidha nasreen

# കാഴ്ച

## സ്വാതന്ത്ര്യം

വൈദേശികരുടെ ക്രൂര കരങ്ങൾ
തുടച്ചു നീക്കിയ നേതാക്കൾ
നേടിത്തന്ന അന്നൊരു രാവിൽ
നമുക്ക് നേരിൽ സ്വാതന്ത്ര്യം
സത്യസമത്വം സാഹോദര്യം
നട്ടുവളർത്തിയ പൂന്തോപ്പ്

തിൻമക്കെതിരെ നന്മകൈകൾ
കോർത്തൊരു സുന്ദര വരവേൽപ്
ഹിന്ദു മുസൽമാൻ ക്രിസ്ത്യനമെല്ലാം
എന്നെന്നും ഈ മണ്ണിൽ
അറിവും പൊരുളും വിതറുന്ന കൈകൾ
ഒരുമിച്ചീടും ഈ വിണ്ണിൽ

Rasban .k .k
8 f

# കാഴ്ച

## കൊഴിയുന്ന പുഷ്പം

എതോ വീടിന്റെ വരാന്തയിൽ നിൽക്കുന്ന
തിളങ്ങുന്ന ഭംഗിയുള്ള ഞാൻ
പ്രകൃതിയുടെ മണമുള്ള കാട്ടുകളെ
എന്നും ആ സ്വദിക്കുന്ന പ്രകാശം കൊണ്ട് എന്റെ നിത്യ ദിവസങ്ങളെ
പൂരിതമാക്കുന്ന ആ സുന്ദരനെ സൂര്യനെ
ഞാൻ ഓർക്കുന്നു
ജീവിതത്തിലെ ഓരോ ദിവസവും
പല പല മുഖങ്ങളിലൂടെ കടന്ന് പോരുമ്പോൾ
അവരിലാരോ എന്നെ തലോടുന്നു
സ്നേഹിക്കുന്നു, എന്നെ അവരിലൊരാളായി
മാറ്റുന്നു എന്നാൽ എല്ലാം, ആ ദിവസം
അവസാനിക്കുന്നു
എന്റെ ജീവിതം
ഒരുപാടു മുഖങ്ങളെ പരിചയപ്പെട്ട ഞാൻ
ഒരുപാട് പേരോട് ചിരിച്ചു
എന്നാൽ അതും അവസാനിച്ചു
ഞാൻ വീണു
ഭൂമിയുടെ ആഴമുള്ള മൺ തട്ടിലേക്ക്
അപ്പോൾ അവരുടെ ചുണ്ടുകൾ ചലിച്ചു
കൊഴിയുന്ന പുഷ്പമേ .....

# കാഴ്ച

## സ്വർണ്ണ ഖനികൾ

മുഹമ്മദും കൃഷ്ണനും കൂട്ടുകാരാ
ഇവർ ഇണപിരിയാത്ത കൂട്ടുകാരാ
അടിയില്ല തെറ്റില്ല കൂട്ടുകാരാ ഇവർ
വേർ പിരിയാത്തൊരു കൂട്ടുകാരാ [2]

മതവും ജാതിയും ഏതായാലുമവർ
ഒന്നിച്ച നിൽക്കുന്ന കൂട്ടുകാരാ
നാട്ടുകാരുടേയും വീട്ടുകാരുടേയും
കണ്ണിലുണ്ണിയവർ കൂട്ടുകാരാ [2]
[മുഹമ്മദും കൃഷ്ണനും]

നന്മകൾ ചെയ്യുക തിന്മ വെടിയുക
എന്തിനും ഏതിനും കൂട്ടുകാരാ [2]
ആഴക്കടലിലെ സ്വപ്ന സഞ്ചാരിയാം
കുഞ്ഞുപൂമൊട്ടുകൾ കൂട്ടുകാരാ [2]
[മുഹമ്മദും കൃഷ്ണനും]

കരയുമ്പോഴെപ്പോഴും കൂടെക്കരയാനും
സ്നേഹവിദാനമാം കൂട്ടുകാരാ [2]
നിലാവിന്റെ ശോഭയിൽ സൂര്യകിരണമായ്
തുള്ളിത്തുടിക്കുന്ന കൂട്ടുകാരാ [2]
[മുഹമ്മദും കൃഷ്ണനും][2]

# കാഴ്ച

## ആദ്യ പാഠം

പ്രകൃതിയാണറിവിന്റെ ആദ്യാക്ഷരം....
പുഴകളാണിരുളിന്റെ ജലസ്പർശം....
മരങ്ങളാണറിവിന്റെ ഌലികകൾ....
ഭൂമിയാണറിവിന്റെ ആദ്യപാഠം....

ചിരിച്ചും കളിച്ചും വളർന്നൊരു നാടിന്റെ
സൗഭാഗ്യ തീർത്ഥം നിറയുന്നുവോ....
വിദ്യാലത്തിൽ നിന്നക്ഷരം ഉരുവിട്ട്
പ്രകൃതിയെ മാറോട് ചേർത്ത കുട്ടി

മണ്ണാണ് ജീവൻ....
മണ്ണിലാണ് ജീവൻ....
മണ്ണാണിരുട്ടിന്റ പൊൻവെളിച്ചം....

കർക്കിടകത്തിന്റെ കോളൊരുക്കി
മൃദുവായി പെയ്യുവാ മൃദു നാളവും
കർഷക മനമാകെ ഉദിച്ചുയർന്ന
നെന്മണി തന്നിൽ പരാഗരേണു
ദേവ കിരണങ്ങൽ തൻ പരാഗരേണു

Adithyan

# കാഴ്ച

## ദരിദ്രമായ കുടുംബം

ഒരു കാട്ടിൽ ദരിദ്രമായ കുടുംബം ജീവിച്ചിരുന്നു അവിടെ വെള്ളത്തിന് ബുദ്ധിമുട്ടായിരുന്നു. വെള്ളം കിട്ടണമെങ്കിൽ രണ്ട് മൈൽ നടന്നാൽ പാടം കാണാം. അതിന്റെ വരമ്പിലൂടെ കുറച്ച് നടന്നാൽ ഒരു വലിയ കിണർ കാണാം. അതിൽ നിന്നാണ് കിട്ടാത്തവർ എടുക്കുന്നത്. ആ പാടത്തെ നെല്ലുകൾ ഉണങ്ങിയിരുന്നു. അവിടെ കൊയ്യാൻ ആളുകൾ വന്നാൽ തിരിച്ചുപോകും. അതിനു രണ്ട് കാരണങ്ങൾ ഉണ്ട് ഒന്ന് വെയിൽ കാരണം രണ്ട് വെയിൽ കൊണ്ട് പാടം വരണ്ടിരുന്നു

അതുകൊണ്ട് ആ ദരി്ദ്രനായ ആൾ ഒരു വടി കഴുത്തിലൂടെ ഇട്ട് കയ്യിലൂടെ എടുത്ത് രണ്ട് മൺ ചട്ടി അപ്പുറത്തും ഇപ്പുറത്തും ഇട്ട് തിരിച്ചുപോകും .

ആ രണ്ട് ചട്ടികളിലും ദ്വാരം ഉണ്ടായിരുന്നു എന്നും ഇങ്ങനെയാണ് പതിവ് അതുകൊണ്ട് വരൾച്ച വന്ന പാടം ദ്വാരമുള്ള ചട്ടി അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുപോകുമ്പോൾ ദ്വാരമുള്ളതിലൂടെ വെള്ളം പുറത്ത് വന്ന് നെല്ലുകൾ നനഞ്ഞ് പുതിയ നെന്മണികൾ വന്ന് ഇപ്പോൾ

അത് നനക്കുന്ന ആളോട് കൊണ്ടുപോകാൻ പറഞ്ഞു പക്ഷെ ഇയാൾക്ക് ഇത് അറിയില്ല അത് ചട്ടിക്ക് മാത്രം അറിയുകയുള്ളൂ പിന്നെ അത് ഒരാൾ കണ്ടു

ഇത് ദരിദ്രനായ ആളോട് പറഞ്ഞു. ഇവർക്ക് വല്യ ഇഷ്ട്ടമായി ചട്ടി കാരണം ഇയാൾക്ക് പാടത്തിന്റെ മുതലാളിയുടെ വക ഒരു ചാക്ക് നെല്ല് കിട്ടി ഇയാൾക്ക് . അവർ സന്തോഷത്തിൽ ജീവിച്ചു.

nishana sherin.k
8 .d

# കാഴ്ച

## Robots and our common house

Robots can be used in medical field, security,   and many other things . In our daily life robots are omnipresent which means they help us with many things with out us noticing them.

But we can use many devices and small robots which can make our life a lot easier .



security

this is a smart phone controlled robot  which can watch an entire house .  it can sense any movement in the house and also it has got IR (infra red) sensors so it can see in darkness .

# കാഴ്ച

<u>cleaning</u>



Now vacuum cleaners are more smarter than before this is a vacubot this can be programmed or controlled using a smart phone they have sensors to detect steps and can also go under beds and sofas to clean the floor properly .

<u>Agriculture</u>

agricultural field is also going to witness the presence of robots . Agribots , quadrocopters , rovers , and so on .







# കാഴ്ച

Pet care

many people might not have enough time to spare for their pets . And some even die due to lack of care . But today though we have many pet friendly robots.



# കാഴ്ച



ഒരു കുട്ടി,

ഒരു അദ്ധ്യാപിക,

ഒരുപുസ്തകം,

പിന്നെയൊരു പേന

ഇവയ്ക്ക് ഈ ലോകം

മാറ്റിമറിക്കാൻ

സാധിക്കും...



ഉദ്ദ്യേശ്യവും

ലക്ഷ്യവുമില്ലാത്ത

പരിശ്രമവും ധൈര്യവും

അപൂർണ്ണമാണ്

# കാഴ്ച

## പുകവലി ആരോഗ്യത്തിന് ഹാനികരം

ഇന്ന് പുകവലിക്കുന്നവരുടെ എണ്ണം വളരെയേറെ വർധിച്ചിട്ടുണ്ട് . തങ്ങളുടെ ജീവിതമാണ് പുകഞ്ഞു തീരുന്നതെന്ന് മനസ്സിലാക്കിയിട്ടും മനുഷ്യൻ അതിനടിയിൽ പെട്ടുപോകുന്ന കാഴ്ചയാണിന്ന് കാണുന്നത് .

പ്രതിവർഷം 60 ലക്ഷം ടൺ പോകയിലയാണ് ജനങ്ങൾ പുകച്ചുതീർക്കുന്നതെന്ന് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ വ്യക്തമാക്കുന്നു .ഏറ്റവുമധികം സമ്പത്തും സ്വാധീനശക്തിയുമുള്ള ബഹുരാഷ്ട്ര കുത്തകവ്യവസായികളിൽ പ്രമുഖർ ഇന്ന് പുകയില വ്യവസായികളാണ് . പുകയില കസിക്കുന്നവരുടെ സംഖ്യ കാലംകഴിയുംതോറും വർധിച്ചുവരികയാണ് . 40 മുതൽ 70 വരെ ശതമാനം സ്ത്രീകളും 10 മുതൽ 50 ശതമാനം വരെ പുരുഷന്മാരും പുകവലിയുടെ അടിമകളാണെന്ന് ലോകാരോഗ്യസംകടന പറയുന്നു . പുകവലിക്കുന്ന ആളിനേക്കാൾ ഏറ്റവുമധികം ദോഷം ചെയുന്നത് അടുത്ത് നിൽക്കുന്ന ആളുകൾക്കാണ് .'നിക്കോട്ടിയാന'വംശത്തിലുള്ള ഒരു ചെടിയാണ് പുകയില . ആ ചെടിയിൽ വിഷം അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയത് ജീൻ നിക്കോട്ടിൻ 'എന്ന ശാസ്ത്രജ്ഞ്യനാണ് . അദ്ദേഹത്തിന്റെ സ്മരണക്കായാണ് ഇതിലെ വിഷാംശത്തിനു 'നിക്കോട്ടിൻ 'എന്ന പേര് നൽകിയിരിക്കുന്നത് .' നിക്കോട്ടിൻ 'എന്ന വിഷത്തിന്റെ ഒരു തുള്ളി നാക്കിൽ വീണാൽ മതി ഒരാൾ മരിക്കാൻ. പുകവലിക്കുമ്പോൾ വളരെ ലാഘവായ ലാഘവായ മാത്രയിൽ അത് രക്തത്തിൽകലരുന്നതുകൊണ്ടുംകാലക്രമേണ ശരീരം പ്രതിരോധശേഷി ആർജിക്കുന്നതുകൊണ്ടുമാത്രമാണ് അത്രക്ക് അപകടം സംഭവിക്കാത്തത്. പുകയിലയിലെ വിഷാംശം ശരീരത്തിൽ അതിവേഗം ലയിച്ചുചേരുന്ന ഒന്നാണ്. സിഗററ്റുവലിക്കുമ്പോൾ 7 സെക്കന്റുകൊണ്ട് അത് തലച്ചോറിലും,15 സെക്കന്റുകൊണ്ട് പാദത്തിലെ തള്ളവിരലിലും എത്തും .

പുകവലി പ്രധാനമായും തകരാറുണ്ടാകുന്നത് ഹൃദയത്തിനും സ്വാശകോശത്തിനും കരളിനുമാണ്. സാധാരണ രീതിയിൽ ഭക്ഷണം

# കാഴ്ച

കഴിക്കുന്ന ഒരാൾക്ക് ഒരു ദിവസം വൈറ്റമിൻ പൂർണ്ണമായും നശിപ്പിക്കാൻ ഒരു സിഗരറ്റിന് കഴിയും. ആയുസ് ഗണ്യമായി കുറയുന്നതിനും പുകവലികാരണമാകുന്നു

കൗമാരകാലത്തിലാണ് സാധാരണമായി പുകവലി ശീലം ആരംഭിക്കുന്നത്. ഏതു കാര്യവും ശീലിച്ചതിനുശേഷം നിർത്തുന്നതിലും ശീലിക്കാതിരിക്കുന്നതാണ്. നിർഭാഗ്യത്തിന് ഇന്ന് ധാരാളം വിദ്യാലയങ്ങൾ ഇത്തരം ദുശീലങ്ങളുടെ ഈറ്റില്ലമായി അധംപതിച്ചിട്ടുണ്ട്. പുകവലിയുടെ കഞ്ചാവിലേക്കും അങ്ങനെ മയക്കു മരുന്നിലേക്കുയ എത്തിപ്പെടുന്ന ഒരു വലിയ വിഭാഗം വിദ്യാർത്ഥികൾ ഇന്ന് കലാലയങ്ങളിലുണ്ട് .

ഇതാണ് ആപൽകാരിയായ പുകവലി നിരോധിക്കുവാൻ സർക്കാരിന് ഇത് വരെ കഴിഞ്ഞിട്ടില്ല. അതിൽ നിന്നുള്ള വരുമാനമാണ് പ്രധാനകാര്യം. എങ്കിലും പുകവലി ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ് കവറിന് പുറത്തു ചേർക്കണമെന്ന നിയമം നിലവിലുണ്ട്. പുകവലിയോട് ഏവരും വിട പറഞ്ഞേ മതിയാകൂ. കൈക്കൊള്ളുന്ന ഒരുവിളക്കിലൂടെ മാത്രമേ ഈദുശീലം നമ്മുക്ക് മാറ്റിയെടുക്കാൻ കഴിയൂ. പൂർണമായും സിഗരറ്റ്,ബീഡി നിർമ്മാണവും വ്യാപാരവും നിരോധിക്കുകയും വേണം. ഒരു സിഗററ്റ് കൊളുത്തുന്നത് നമ്മുടെ ആരോഗ്യത്തിന് ചിത കൊളുത്തുന്നത് പോലെയാണ് എന്ന മനസ്സിലാക്കി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുവാൻ നാം ഒത്തൊരുമിച്ച പ്രയത്നിക്കാം .........

കീർത്തന. എം.പി

# കാഴ്ച

## എന്റെ കോഴിക്കോടൻ യാത്ര

ഒരു ദിവസം വെള്ളിയാഴ്ച രാവിലെ ഞാനും എന്റെ അനിയത്തിയും സ്കൂളിലെത്തി. അന്ന് ഞങ്ങൾ പഠനയാത്രക്ക് പോവുകയായിരുന്നു.

ഞങ്ങൾ കോഴിക്കോട്ടേക്കാണ് പോകുന്നത് . ഫറോക്ഓട് കമ്പനി , ബീച്, ഉറമുഖം ,പ്ലാനിറ്റേറിയം എന്നിവയാണ് ഞങ്ങൾ ഇ ദിവസം സന്ദർശിക്കുന്നത് .ഇത് ഒരു ദിവസത്തേയ്ക്കാണ് ടൂർ രാവിലെ ഏഴ് മണിക്ക് ഞങ്ങൾ പുറപ്പെട്ടു . ഞാനും എന്റെ പ്രിയ കൂട്ടുകാരി വൈഷ്ണയുമാണ് ഒരു സീറ്റിൽ ഇരുന്നത് . ബസ്സിൽ പാട്ടുവച്ചപ്പോൾ എന്റെ കൂട്ടുകാരും എന്റെ അനിയത്തിയും എല്ലാം സീറ്റിൽ നിന്ന് ഇറങ്ങി ഡാൻസ് കളിക്കാൻ തുടങ്ങി പക്ഷെ എനിക്ക് ചമ്മലായിരുന്നു . കുറെ കഴിഞ്ഞപ്പോൾ ഞാനും സീറ്റിൽ നിന്ന് ഇറങ്ങി ഡാൻസ് കളിയ്ക്കാൻ തുടങ്ങി . അങ്ങനെ സമയം പോയതറിഞ്ഞില്ല . സമയം 10 എ എം ആയി . ഞങ്ങൾ കോഴിക്കോട് എത്തി . ഞങ്ങൾ നേരെ കോഴിക്കോട്

ഫാറൂഖ് ഓട് കമ്പനിയിലേക്കു പോയി . ഓട് കമ്പനിയിലേക്ക് പോകുന്ന വഴി ഞങ്ങൾ ഫാറൂഖ് പുഴ കണ്ടു . ഓട് കമ്പനിയിലെത്തിയപ്പോൾ ഞാൻ ചുറ്റും നോക്കി .അവിടെ ധാരാളം പുളുമരങ്ങൾ ഉണ്ടായിരുന്നു .അവിടെ ചെന്നപ്പോൾ 200 മീറ്ററോളം നീളമുള്ള പുകക്കുഴൽ ഉണ്ടായിരുന്നു .ഞങ്ങൾ അവിടെ നിന്ന് ഉറമുഖത്തെക്ക് പോയി .എല്ലാവരും ബസ്സിൽ നിന്ന് ഇറങ്ങി .ഞങ്ങൾ നടന്നു ഉറമുഖം എന്നത് എനിക്ക് അദ്ഭുതമായിരുന്നു വലിയ കപ്പലുകൾ .ലക്ഷ്യതീയ്ബിലേക്ക് പോയി .

# കാഴ്ച

ഞങ്ങളുടെ മാഷ് കപ്പിത്താനോട് ചോദിച്ചു അനുവാദം വാങ്ങി .എന്നിട്ട് ഞങ്ങൾ കപ്പലിലേക്ക് കയറി .എന്നിട്ട് കപ്പൽ മുഴുവൻ ചുറ്റിക്കറങ്ങി .പിന്നെ ഞങ്ങൾ
ജങ്കാറിൽകയറി .ഞാൻ ഇത് സിനിമയിൽ മാത്രമേ കണ്ടിട്ടൊള്ളൂ നല്ല ഒരു അനുഭവമായിരുന്നു .

ഞങ്ങൾ ബസ്സിൽ കയറി നേരെ പ്ലാനറ്റോറിയത്തിലേക്ക് പോയി .അപ്പോൾ സമയം 2 :00 pm ആയിരുന്നു .ടീച്ചർ ഞങ്ങളെ ഭക്ഷണം കഴിക്കാൻ വിളിച്ചു
ഞങ്ങൾ അവിടത്തെ മൈദാനത്തിലേക്ക് പോയി .വട്ടത്തിൽ ഇരുന്ന് ഭക്ഷണം കഴിച്ചു. ഈ യാത്രയുടെ പ്രധാന ഭാഗം തന്നെ പ്ലാനറ്റോറിയാമായിരുന്നു അവിടെത്തെ മൈതാനത്തിലൂടെ നടന്നു. കുറച്ചു കഴിഞ്ഞപ്പോൾ മൃഗശാലയിലേക്ക് പോയി . ഒരു കൂട്ടിൽ നിറയെ മുയലുകളെ കണ്ടു

അവിടെ ധാരാളം അന്യസംസ്ഥാനക്കാർ മാലകളും, കളിപ്പാട്ടങ്ങളുമെല്ലാം വിൽക്കുന്നുണ്ടായിരുന്നു. ഞാൻ അതിൽ നിന്ന് എനിക്ക് ഓടക്കുഴലും എന്റെ അമ്മക്ക് ഒരു ക്ലിപ്പും വാങ്ങി .പിന്നെ ഞങ്ങൾ വെള്ളം കുടിക്കാനായി ബസ്സിൽ കയറി. എന്നിട് പിന്നെയും നടന്നു കണ്ടിട്ടും പ്ലാനിറ്റോറിയത്തിന്റെ പകുതിപ്പോലും ആയില്ല പൈൻ അവിടത്തെ ഒരു കടയിൽ കയറി രണ്ട് പോക്കോൺ പാക്കെറ്റ് വാങ്ങി. അവിടെ നിന്ന് ഞങ്ങൾ കോഴിക്കോട് ബീച്ചിലേക്ക് പോയി .ബീച്ചിൽ ഞങ്ങൾ ഒരുപാട് കളിച്ചു പട്ടം പറപ്പിച്ചു പിന്നെ ഉപ്പിലിട്ടത് വാങ്ങി കഴിച്ച നേരം ഇരുട്ടാണ് തുടങ്ങി സമയം 6 :30 കഴിഞ്ഞു എല്ലാവരും ബസ്സിൽ കയറി തീർചച്ചുപോയി

aishwarya
9 b

# കാഴ്ച